(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

കുറ്റകൃത്യങ്ങളിലെ സാമൂഹിക-സാമുദായിക ഘടകങ്ങളെക്കുറിച്ച് പഠനം

91 [1622] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന കുറ്റകൃത്യങ്ങളിൽ സാമുദായികവും, സാമൂഹികവുമായ ഘടകങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ നാലുവർഷക്കാലയളവിൽ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പോലീസ് കേസെടുത്ത കുറ്റവാളികളുടെ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവരിൽ അന്വേഷണത്തിനുശേഷം കേസിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ, അപ്പീലിൽ ഒഴിവാക്കപ്പെട്ടവർ, കോടതിയിൽ നിന്നും ശിക്ഷിക്കപ്പെടാതെ പോയവർ എന്നിവരുടെ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട സാമുദായിക ഘടകങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തി ആവശ്യമെങ്കിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല. കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നത് നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ്. അതിൽ ജാതി/സാമുദായികാടിസ്ഥാനത്തിലുള്ള പഠനം നടത്തുന്ന കാര്യം സൂചിപ്പിച്ചിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ജാതി തിരിച്ചുള്ള കണക്കുകൾ എടുത്തിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി നടപടിയും നിയമനങ്ങളും

92 [1624] *ശ്രീ. പിരപ്പൻകോട് മുരളി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-ൽ ആരംഭിച്ച കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്. ഇതിൽ കാലതാമസം വന്നിട്ടുണ്ടോ; ഈ നടപടി എപ്പോൾ പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1997-ൽ ഭേദഗതി നടപടികൾ ആരംഭിച്ച ശേഷം എത്ര ക്ലാർക്ക്/ടൈപ്പിസ്റ്റുകൾ, എക്സിക്യൂട്ടീവ് തസ്തികകളിലേക്ക് തസ്തിക മാറ്റം വഴി നിയമനം നടന്നിട്ടുണ്ടെന്ന് കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) മിനിസ്റ്റീരിയൽ സ്റ്റാഫിൽ നിന്നും അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-2 മുതൽ ഡെപ്യൂട്ടി ജയിലർ വരെയുള്ള തസ്തികകളിൽ വരെ തസ്തികമാറ്റം വഴി നിയമനം നടത്തുന്നത് ഏത് ശമ്പള സ്കെയിലിലാണെന്ന് വ്യക്തമാക്കാമോ; ഇത്തരം നിയമനം നൽകുമ്പോൾ ഡബിൾ പ്രൊമോഷൻ ലഭിക്കുന്നുണ്ടോ; സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുന്നുണ്ടോ;

(ഡി) ഏറ്റവും അവസാനം എൽ. ഡി. ക്ലാർക്കിൽ നിന്നും അസിസ്റ്റന്റ് ജയിലറായി തസ്തിക മാറ്റം വഴി നിയമനം ലഭിച്ച വ്യക്തിക്ക് ആദ്യ തസ്തികയിൽ എത്ര വർഷത്തെ സർവ്വീസുണ്ട്; പ്രൊമോഷൻ ലഭിച്ചത് ഏത് ശമ്പള സ്കെയിലിലാണ്; ഇതിലെ അപാകത പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി വരുത്തുന്നതിന്റെ ഭാഗമായി സർവ്വീസ് സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ, ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ കരട് നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 8 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ക്ലാർക്ക്- 6, ടൈപ്പിസ്റ്റ്-2.

(സി) മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട എൽ. ഡി. ക്ലാർക്കിന്റെ ശമ്പള സ്കെയിൽ 3050-5230, യു. ഡി. ക്ലാർക്ക്—4000-6090 എന്ന ക്രമത്തിലും, എക്സിക്യൂട്ടീവ് വിഭാഗത്തിൽപ്പെട്ട അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-2—4500-7000, അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-1—4600-8000, ഡെപ്യൂട്ടി ജയിലർ— 6500-10550 എന്ന ക്രമത്തിലുമാണ്. തസ്തികമാറ്റം വഴി നിയമനം ലഭിക്കുമ്പോൾ ഡബിൾ പ്രൊമോഷൻ ലഭിക്കുന്നില്ല. നിയമിക്കപ്പെടുന്ന തസ്തികകളിലെ ശമ്പളമാണ് ലഭിക്കുന്നത്. ഇവരുടേത് പ്രൊമോഷനല്ല. യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള, തസ്തികമാറ്റം വഴി അനുവദിക്കപ്പെട്ടിട്ടുള്ള നിയമനം മാത്രമാണ്. അതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല.

(ഡി) ഏറ്റവും അവസാനം എൽ. ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-2 ആയി നിയമനം ലഭിച്ച വ്യക്തിക്ക് ആദ്യ തസ്തികയിൽ രണ്ടു വർഷത്തെ സർവ്വീസ് പൂർത്തീകരിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ട്. പ്രൊമോഷൻ ലഭിച്ചിട്ടില്ല. തസ്തികമാറ്റം വഴിയുള്ള നിയമനമാണ് നടത്തിയിട്ടുള്ളത്. അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-2-ന്റെ ശമ്പള സ്കെയിൽ 4500-7000 ആണ്. ഇതിൽ അപാകത സംഭവിച്ചിട്ടില്ല.

GPM. 2/542/2012.—18

LIBRARY ARCHIVES Kerala Legislative Assembly